## കേരള സർക്കാർ
### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചേപ്പാട് ഗ്രാമപഞ്ചായത്ത് - 2006-07 - വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3 (8) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.1595/12/തസ്വഭവ. തിരുവനന്തപുരം, തീയതി: 12/06/2012

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 22/01/2012-ലെ എം4-36969/11 നമ്പർ കത്ത്.
2) ചേപ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15/06/2011-ലെ C1-2011 നമ്പർ കത്ത്.
3) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 04/05/2012-ലെ LF-4008/P.T1/12 നമ്പർ കത്ത്.

## ഉത്തരവ്

ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(8) പ്രകാരം സമഗ്ര നെൽകൃഷി വികസനം എന്ന പദ്ധതിയിൽ വളത്തിന് 1572/- രൂപ ചെലവഴിക്കുന്നതിന് പകരം 12,104/- രൂപ (പന്ത്രണ്ടായിരത്തി ഒരുന്നൂറ്റി നാല് രൂപ മാത്രം) ചെലവഴിച്ചത് ഭരണ സമിതി അംഗീകാരമോ ജില്ലാ ആസൂത്രണ സമിതി അംഗീകാരമോ ഇല്ലാത്തതിനാൽ നിരാകരിച്ചിരുന്നു.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രസ്തുത പ്രോജക്ടിൽ കുറഞ്ഞ വിലയ്ക്ക് നെൽവിത്ത് ലഭിച്ചിരുന്നുവെങ്കിലും വളത്തിന്റെയും സസ്യ സംരക്ഷണ മരുന്നുകളുടെയും വിലയിൽ വർദ്ധനവ് ഉണ്ടായിരുന്നതിനാൽ അവയ്ക്ക് ചെലവ് കൂടുതൽ നൽകേണ്ടി വന്നതിനാലും കൃഷി തുടങ്ങിയപ്പോൾ കീടരോഗ ബാധ കൂടുതലായി കണ്ടതിനാൽ കൂടുതൽ മരുന്നുകളും വളങ്ങളും കർഷകർക്ക് നൽകേണ്ടി വന്നതിനാലും സദുദ്ദേശത്തോടെ മാത്രം ചെയ്ത ടി ചെലവിന് സാധൂകരണം നൽകണമെന്ന് ഗ്രാമപഞ്ചായത്തിന്റെ 14/06/2011-ലെ 39/11(5) നമ്പർ തീരുമാനം 25/10/2011-ലെ ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശുപാർശ ഉൾപ്പെടെ പഞ്ചായത്ത്

സെക്രട്ടറിയുടെ സൂചന രണ്ടിലെ അപേക്ഷ പഞ്ചായത്ത് ഡയറക്ടർ സൂചന 1 പ്രകാരം സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സൂചന 3 പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ടി ചെലവ് പഞ്ചായത്ത് കമ്മിറ്റിയും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയും അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ സാധൂകരണം നൽകാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് ഖണ്ഡിക 3(8) പ്രകാരം നിരാകരിച്ച സമഗ്ര നെൽകൃഷി വികസനം എന്ന പദ്ധതിയിൽ വളത്തിന് വേണ്ടി 12,104/- രൂപ (പന്ത്രണ്ടായിരത്തി ഒരുനൂറ്റി നാല് രൂപ മാത്രം) ചെലവഴിച്ച ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ചേപ്പാട് ഗ്രാമപഞ്ചായത്ത്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ